'കർമ്മെലകുസുമ' ഗ്രന്ഥാവലി, നമ്പർ ൨.

# ഭാരതഹൃദയം

അഥവാ

ഭാരതമൎത്ത്യമഹാസഭയിൽ നി. വ. ദിവ്യശ്രീ

ഗ്രുഡിയർ മെത്രാപ്പോലിത്താ

തിരുമനസ്സുകൊണ്ടു ചെയ്ത

പ്രോൽഘാടനപ്രസംഗം.

(സി. അന്തപ്പായി ബി. ഏ. ഭാഷാന്തരം ചെയ്തതു്)

MANNANAM.

PRINTED AT THE ST. JOSEPH'S PRESS.

1921.

ST. ANTONY'S CARMELITE M...STERY
S. I. RAILWAY STATION, ALWA...
5 APR.
ALWAYE, TRAVANCORE

## Nihil obstat.

Fr. Alexander of St. Joseph
Prior General T. O. C. D.

## Imprimatur.

† Thomas Kurialachery,
Bishop & Vic. Ap of
Changanacherry.

*Changanacherry.*
*1. 7. '21.*

---

# പ്രത്യേക വിജ്ഞാപനം.

"ഗ്രന്ഥാവലി" വക നാലാംനമ്പർ ഇതാ പുറത്തായിരിക്കുന്നു. ഭാരതീയസഭയുടെ സാക്ഷാൽ ഹൃദയമായി പരിലസിച്ചിരുന്ന "മഹോദേവർ" പട്ടണമായ കൊടുങ്ങല്ലൂരിന്റെ പുരാതനപ്രാബല്യത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു പൂൎവ്വികലക്ഷ്യം ഇതിൽ ചേൎത്തിരിക്കുന്നതു് 'ഭാരതഹൃദയ'ത്തിനു ഒരു ഭൂഷണമായിരിക്കുന്നതാണ്. ഗുഡിയർ മെത്രാപ്പോലീത്താ തിരുമനസ്സിലെ കേരളത്തിലേക്കുള്ള ഇദംപ്രഥമമായ ആഗമനാവസരത്തിൽ ഇതു പുറപ്പെടുത്താൻ സാധിച്ചതും സന്ദൎഭോചിതമായിരിക്കുന്നു.

കേരളീയ കത്തോലിക്കരുടെ ശ്രദ്ധയെ 'ഗ്രന്ഥാവലി'യുടെ കാൎയ്യത്തിലേക്കു ഈ അവസരത്തിൽ ഞങ്ങൾ ഒരിക്കൽകൂടി സവിശേഷം ക്ഷണിച്ചുകൊള്ളുന്നു. എഴുപത്തഞ്ചു രൂപായിൽ കുറയാതെ പ്രതിമാസം നമുക്കുണ്ടാകണം. ദാനമായിട്ടും, വരിപ്പണമായിട്ടും, വിററു വരവായിട്ടും ഈ സംഖ്യ മാസമൊന്നുക്കു കൈവശം വരുന്നപക്ഷം കാൎയ്യം മേൽക്കുമേൽ ഉൎജ്ജിതത്തിൽ കൊണ്ടുവരുന്നതിന്നു വേണ്ട സകല ശ്രമങ്ങളും ഇവിടെ ചെയ്യുന്നതാണ്. ആകയാൽ അതിലേക്കു വേണ്ട ഒത്താശകൾ ഓരോരുത്തരും ചെയ്യാതിരിക്കയില്ലെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

മാനേജർ കൎമ്മെലകുസുമം,
മാന്നാനം.

# പ്രസ്താവന.

ഇക്കഴിഞ്ഞ ജനവരിമാസത്തിൽ മദ്രാസ് പട്ടണത്തിൽവെച്ചു നടത്തിയ മൎയ്യമഹാസഭയിൽ സന്നിഹിതരായ മുപ്പതിനായിരത്തോളം ജനങ്ങൾ, സിലോൺ, ബൎമ്മാ, എന്നീ രാജ്യങ്ങളിൽനിന്നു വന്ന കുറച്ചു പേരൊഴികെ, ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നു വന്നവരും നാനാഭാഷകൾ സംസാരിക്കുന്നവരും വിഭിന്നങ്ങളായ സാമൂഹ്യാചാരങ്ങളുള്ളവരും പരിഷ്കാരത്തിന്റെ വിവിധാവസ്ഥകളിലിരിക്കുന്നവരുമായിരുന്നു. എന്നാൽ ഇവരെല്ലാവരേയും ആ ഒരു സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുവന്നതെന്താണ്? ക്രിസ്തുവായ ദിവാകരനു മുമ്പുദിച്ച 'ഉഷസ്സിന്റെ നക്ഷത്ര'മാകുന്ന ദൈവജനനിയുടെ നേരേയുള്ള അഗാധഭക്തി ബഹുമാനങ്ങളെ പ്രദൎശിപ്പിക്കണമെന്ന അതിസ്പൃഹമാത്രമായിരുന്നു അത്. ഏതു മതത്തെ ആശ്രയിക്കുന്നവരായാലും ഭാരതീയർ പ്രകൃത്യാ പുണ്യശീലന്മാരാണെന്നുള്ളത് പ്രസിദ്ധമാണല്ലോ. അവർ മറ്റു രാജ്യനിവാസികളെപ്പോലെ കേവലം വിഷയാസക്തന്മാരും അനാത്മവാദികളുമല്ല. ഇങ്ങനെയുള്ള ഭാരതഭൂമിയിലാണ് തോമാസ് അപ്പൊസ്തോലൻ സത്യമതബീജങ്ങളെ ക്രിസ്ത്വബ്ദാരംഭകാലത്തുതന്നെ വിതച്ചത്. ഈ മഹാത്മാവിന്റെ പ്രേഷകവൃത്തി പ്രധാനമായി നടത്തിയത് ഭാരതരാജ്യത്തിന്റെ കിഴക്കും തെക്കുമായ പ്രദേശങ്ങളിലായിരുന്നുവല്ലോ; മരണം ദേവമാതാ (Madre-de- Dios) വെന്നർത്ഥമുള്ള മദ്രാസ് നഗരിയിലുംവെച്ചു സംഭവിച്ചു. 'വിശുദ്ധനായ തോമാസ് അപ്പൊസ്തോലന്റെ തിരുശരീരം സ്ഥാപിച്ച കല്ലറയുടെസമീപെ നാം പരിപാവനമായ ഭൂമിയിലാണിരിക്കുന്നതെ'ന്നു ആർച്ച്ബിഷോപ്പ് ഗുഡിയർ അവർകൾ പറഞ്ഞത് ഈ ന്യായത്താലാണ്. 1542-ൽ ഇന്ത്യയിൽവന്ന് അതിന്റെ പല ഭാഗങ്ങളിലും, പ്രധാനമായി തിരുവിതാംകൂറിലും, മതപ്രസംഗങ്ങൾചെയ്തു അസംഖ്യം ജനങ്ങളെ പരിത്രാണപഥത്തിലാക്കിയ ഫ്രാൻസീസ് സേവിയർ എന്ന വിശുദ്ധന്റെ മൃതശരീരം ഗോവയിൽ നിക്ഷേപിക്കപ്പെട്ടുമിരിക്കുന്നു. ഇപ്രകാരം ഇടത്തും വലത്തും നില്ക്കുന്ന രണ്ടു രക്ഷാദീപസ്തംഭങ്ങളാൽ പ്രകാശിതമായ ഈ മഹാരാജ്യത്തിലെ ജനങ്ങളെ 'ഏല്പിച്ചിട്ടുള്ള സത്യമെന്ന പൈതൃകധനത്തിന്റെനേരെ ഇതിലധികം ഭക്തി ഇ

കയും ശേഷമുള്ളവർ അവരവരുടെ നാനാകാൎയ്യങ്ങളെ വ്യവസ്ഥാപിക്കുവാനും നിബന്ധമായി ആവശ്യപ്പെടുവാനും യോഗംകൂട്ടുകയും ചെയ്യുമളവിൽ, മനുഷ്യജാതിയുടെ ക്ഷേമാൎത്ഥം നമ്മേയും ഒരു ദൌത്യം ഏല്പിച്ചിട്ടുണ്ടെന്നും, ലോകസമക്ഷം പ്രഖ്യാപനം ചെയ്യപ്പെടുവാൻ ഒരു സന്ദേശവും, ചെയ്വാൻ ഒരു പ്രവൃത്തിയും ഉണ്ടെന്നും, നമുക്കും തോന്നിയിട്ടുണ്ട്. ഇവ നമ്മുടെയും നമ്മുടെ സമുദായത്തിൻെറയും മാത്രമല്ല, ഈ രാജ്യത്തെ ജനങ്ങളുടെയും ഗുണത്തിനു വേണ്ടിയാകുന്നു. നമുക്കു പുറമെയുള്ള സംഗതികൾ പ്രതികൂലങ്ങളായിരുന്നിട്ടും, ഇന്ത്യയിലെ സഭയുടെ നിൎമ്മാണം പോലും ഒരിക്കൽ അപകടത്തിൽപ്പെട്ടതായി തോന്നുകയുണ്ടായിട്ടുണ്ടെങ്കിലും, നമുക്കു പറവാനുള്ളതു പ്രസ്താവിക്കുന്നതിനു അവസാനമായി ഒരവസരം വന്നിരിക്കുന്നു. ഇതിനായി ദൈവത്തിനും നമ്മുടെ സ്വാമിനീഭക്തന്മാരുടെ സ്ഥിരോത്സാഹത്തിനും നന്ദി പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ കത്തോലിക്കരുടെ ഒന്നാമത്തെ ഈ യോഗം ഈ സ്ഥലത്തു നടത്തുവാനിടയായതിൽ അസാമാന്യമായ ഒരൌചിത്യമുണ്ട്. എന്തുകൊണ്ടെന്നാൽ ഈ മദ്രാസ് നഗരത്തിൽ, ദേവമാതാവിൻെറ (Madre- de- Dios) ഈ പട്ടണത്തിൽ, ഇരിക്കുമ്പോൾ അതിൻെറ ഉത്ഭവത്തിനും അതിൻെറ നാമധേയത്തിനും നമ്മുടെ കത്തോലിക്കാ പിതാക്കന്മാൎക്കു കടപ്പെട്ടിരിക്കുന്ന ഒരു പുരിയിലാണ് നാം സ്ഥിതി ചെയ്യുന്നതു്. വിശുദ്ധനായ തോമ്മസ് അപ്പൊസ്തോലൻെറ തിരുശരീരം സ്ഥാപിച്ചിട്ടുള്ള കല്ലറയുടെ സമീപേ നാം പരിപാവനമായ ഭൂമിയിലാണിരിക്കുന്നതു്. തൻെറ പ്രേഷിതത്വത്തിൻെറ ആരംഭത്തിൽ വിശുദ്ധനായ ഫ്രാൻസീസ് സേവിയർ എന്നപോലെ, നാമും ഭൂതകാലത്തോടു നമ്മേ യോജിപ്പിക്കുവാനും, യാതൊരു കാൎയ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാനായി അദ്ദേഹം വളരെ പ്രയത്നിച്ചുവോ ആ വേല തന്നെ തുടരുവാനും വേണ്ടിയാകുന്നു ഇവിടെ വന്നിരിക്കുന്നതു്. കേവലം റോമാസഭയ്ക്കു പുറമേ,

തെക്കേ ഇന്ത്യയിലുള്ള സഭ

യ്ക്കു കഴിയുന്നതുപോലെ, ക്രൈസ്തവമതത്തെക്കുറിച്ചു് അത്ര ദീൎഘവും അവിഛിന്നവുമായ ഒരൈതിഹ്യത്തെക്കുറിച്ചു് അഭിമാനിക്കുവാൻ യാതൊരു സഭയ്ക്കും സാധിക്കയില്ലെന്നു നാം ഗ്രഹിക്കുന്നതു്

നമുക്ക ഒരു വലിയ കാൎയ്യമാകുന്നു. നാം അപ്പൊസ്തോലന്മാരിൽ നിന്നു തന്നെ വന്നവരാണെന്നു സത്യമായ അൎത്ഥത്തോടുകൂടെ പറയാം. അതിന്റെ പൂൎവ്വചരിത്രത്തെ മറന്നുകളവാനുള്ള ദുരഹങ്കാരം ഇന്ത്യാരാജ്യത്തിനുണ്ടായിരുന്നില്ലെങ്കിൽ നമ്മുടെ രക്തസാക്ഷികളുടെ ദീൎഘപരമ്പരയെ കാണിച്ചുകൊടുക്കുവാൻ നമുക്കും കഴിവുള്ളതാണ്. നമ്മുടെ വ്യാപകന്മാരും, നമ്മുടെ കന്യകകളും, അനേകമുണ്ട്. ഈ കാലത്തിനിടയിലെല്ലാം വിശ്വാസത്തിന്റെ സ്ഥിരത എത്രമാത്രമായിരുന്നു! ഞെരുക്കം നമ്മെ നശിപ്പിച്ചിട്ടില്ല. യുദ്ധവും ക്ഷാമവും നമ്മെ ഉന്മൂലനം ചെയ്തിട്ടില്ല. നമുക്ക മതസംസ്കാരത്തിനു കീഴ്പ്പെടേണ്ടിവന്നിട്ടില്ല. നമ്മുടെ പിതാക്കന്മാർ എന്തു ചെയ്തുവോ, എന്തു വിശ്വസിച്ചുവോ, ഏതുപ്രകാരമുള്ളവരായിരുന്നുവോ, അപ്രകാരംതന്നെ നാം ഇന്നും ആയിരിക്കയും, വിശ്വസിക്കയും, പ്രവൎത്തിക്കയും ചെയ്യുന്നു. നമ്മുടെ ഭൂമിയിൽ പാഷണ്ഡമതം വളരുകയുണ്ടായിട്ടില്ല. ഈ രാജ്യത്ത് ഇപ്പോൾ ഏതെല്ലാം അപൂൎവ്വമതങ്ങളുണ്ടോ അവ ഈ നാട്ടിലുണ്ടായവയോ സൃഷ്ടിക്കപ്പെട്ടവയോ അല്ല. അവയെല്ലാം പുറമെനിന്നു വന്നവയാകുന്നു. ഇന്ത്യാരാജ്യം ലോകത്തിൽവച്ച്

ഏററവും കത്തോലിക്കയായ രാജ്യ

മാണെന്നു സത്യമായ ഒരൎത്ഥത്തോടുകൂടെ പറയാം. എന്തുകൊണ്ടെന്നാൽ അതിനു ഏററവും പഴക്കമുള്ള ഐതിഹ്യങ്ങൾ ഉണ്ടായിരിക്കയും, അത് അവയെ സ്ഥിരമായി പാലിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. തങ്ങളെ ഏല്പിച്ചിട്ടുള്ള സത്യമെന്ന പൈതൃകധനത്തിന്റെ നേരെ മററാരും ഇതിലധികമായ ഭക്തി ഇക്കാലത്തു കാണിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. അങ്ങനെ, ഇവിടെ ഈ മഹായോഗത്തിന്റെ ആരംഭത്തിൽ, നാം യാതൊരു കാൎയ്യത്തിന്റെ സംരക്ഷണത്തിനായി നിൽക്കുന്നുവോ, അതിനെ നമുക്കായിട്ടും, സകല ജനങ്ങൾക്കായിട്ടും വിശദമായി പ്രസ്താവിക്കുവാൻ ശ്രമിക്കാം. ൧൯൦൦ സംവത്സരങ്ങൾക്കുമുമ്പ്

യേശു എന്നു പേരായ ഒരു മനുഷ്യൻ

ഈ ലോകത്തിൽ ജീവിച്ചിരുന്നു എന്ന് നാം വിശ്വസിക്കയും അറിഞ്ഞിരിക്കയും ചെയ്യുന്നു. ഈ സംഭവത്തെക്കുറിച്ചുള്ള തെളിവിനെ ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും അവസാനമാ[illegible]

സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. ഈ മനുഷ്യൻ ജീവിച്ച ജീവിതത്തിന്റെ പരിപൂർണ്ണതപോലെ അതിനുമുമ്പും അതിന്റെശേഷവും ഒരു പരിപൂർണ്ണതയുണ്ടായിട്ടില്ലെന്നു നമുക്കറിയാം. മനുഷ്യപുത്രന്മാരുടെ ഇടയിൽ അദ്ദേഹം ഏകനായും അദ്വിതീയനായും നില്ക്കുന്നു എന്ന് അദ്ദേഹത്തിന്റെ ശത്രുക്കൾ സമ്മതിക്കത്തക്ക ഒരു സ്വഭാവമാണ് അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയതു്. മറ്റു യാതൊരു മനുഷ്യനും ഏതു കാലത്തെങ്കിലും പഠിപ്പിച്ചിട്ടുള്ളതിനേക്കാൾ ഉൽകൃഷ്ടമായ ഒരു മതമാണ് അദ്ദേഹം പഠിപ്പിച്ചതെന്നു നമുക്കറിയാം. എന്നു തന്നെയല്ല, ആർക്കും വായിക്കത്തക്കവണ്ണം അതു എഴുതിയിട്ടുമുണ്ട്. അതിന്റെ ഉൽകൃഷ്ടത എത്രമാത്രമുണ്ടെന്നാലോചിക്കുന്നപക്ഷം, അനേകർ അതിനെ കേവലചിത്തോത്ഭാവിതമാണെന്നുവെച്ച് തള്ളിക്കളകയും മറ്റു ചിലർ അതിന്റെ അനുമാനങ്ങളെ അബദ്ധങ്ങളെന്നു പ്രസ്താവിക്കയും ചെയ്തു. എങ്കിലും അതിന്റെ പ്രമാണംകൊണ്ടും ലക്ഷ്യംകൊണ്ടും അതു വേറെ യാതൊരു മതത്തിനും അധഃസ്ഥനമാണെന്നു ആരും പറഞ്ഞിട്ടില്ല. ഈ മനുഷ്യൻ തന്റെ ക്രിയകൾകൊണ്ട് തന്റെ നിഷ്കപടതയേയും ഒരു മനുഷ്യോപദേഷ്ടാവായിരിപ്പാനുള്ള തന്റെ അവകാശത്തേയും സാക്ഷാൽ ദൈവത്തിങ്കൽ നിന്നുള്ള ഒരു ദൂതനാണെന്നുള്ള തന്റെ നിയോഗത്തേയും തെളിയിച്ചു എന്നു നമുക്കറിയാം. ഇതുമാത്രമല്ല, അദ്ദേഹത്തിന്റെ അവകാശത്തെ വിശ്വസിക്കേണ്ടതാണെന്നു തെളിയിച്ചു കഴിഞ്ഞതിന്റെശേഷം, അദ്ദേഹം ദൈവം തന്നെയാണെന്നും, ദൈവം മനുഷ്യനായതാണെന്നും, മനുഷ്യരൂപധാരിയായ ഈശ്വരനാണെന്നും, അവകാശപ്പെട്ടു. ഈ അവകാശത്തെ കേട്ടു അനേകർ അദ്ദേഹത്തെ നിന്ദിക്കയും ഒരു ഈശ്വരനിന്ദകനെന്നുവെച്ച് അദ്ദേഹത്തെ കൊല്ലുകയും ചെയ്തു. എങ്കിലും ഏതാനും പേർ അദ്ദേഹത്തെ സ്വീകരിക്കയും സത്യമായ യേശുക്രിസ്തുവും ജീവനുള്ള ദൈവത്തിന്റെ പുത്രനും എന്ന നിലയിൽ അദ്ദേഹത്തെ കുമ്പിട്ടാരാധിക്കയും ചെയ്തുവെന്നു നമുക്കറിയാം. അവർ പോയി അദ്ദേഹത്തെക്കുറിച്ച് „ലോകരോടുപദേശിക്കണമെന്നും, "നിന്റെ കർത്താവായ ദൈവത്തെ നീ സ്നേഹിക്കണം" എന്നും, "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്നുമുള്ള രണ്ടു എളുപ്പമായ അടിസ്ഥാനങ്ങളിന്മേൽ മനു

ഷ്യക്കവേണ്ടി പുതിയ ഒരാദശ്ം അവർ പണിചെയ്യണമെന്നും ഈ മനുഷ്യരോട്ട അദ്ദേഹം കല്പിച്ചു. അതിൻെറ പ്രതിഫലമായി അവക്ക പീഡയും, അധിക്ഷേപവും, ദ്രോഹവും, നിന്ദയും, മരണംപോലും, ഉണ്ടാകുമെങ്കിലും അവർ പഠിപ്പിച്ച മതം അവസാനമായി ലോകത്തെ മുഴുവനും ജയിച്ചുകളയുമെന്ന അദ്ദേഹം അവക്ക വാഗ്ദാനം ചെയ്തു. ഈ മനുഷ്യർ ഭയപ്പെട്ടും വിറച്ചുമാണെങ്കിലും വിശ്വാസത്തോടും സ്ഥിരോത്സാഹത്തോടുംകൂടെ തങ്ങളോട്ട കല്പിച്ചപ്രകാരം പുറപ്പെട്ടുപോയി. ഈ യേശുക്രിസ്തുവിനെക്കുറിച്ച് മററുള്ളവരോട്ട പ്രഖ്യാപ ം ചെയ്കയും, അദ്ദേഹത്തിൻെറ ഉപദേശങ്ങളെ വിവരിച്ചുപറകയും, അവയെ അനുസരിച്ചു ജീവിക്കയും, മതസംബന്ധമായും, ധാമ്മികമായും, സാമൂഹ്യമായും, രാഷ്ട്രീയംപോലുമായുള്ള മനുഷ്യവംശത്തിൻെറ സകല ദോഷങ്ങളുടെയും സിദ്ധൌഷധമായി അദ്ദേഹത്തെയും അദ്ദേഹത്തിൻെറ വചനത്തെയും സകലാവസ്ഥകളിലും സകല വിധത്തിലുമുള്ള ജനങ്ങളുടെ മുമ്പാകെ പ്രകാശിപ്പിക്കയും ചെയ്തു. മററു മനുഷ്യർ കേൾക്കയും വിശ്വസിക്കയും ക്രിസ്തുവിനെ തങ്ങളുടെ ഗുരുവും മാതൃകയുമായി സ്വീകരിക്കയുംചെയ്തു. എപ്പേസൂസിലെ നിദ്ധനന്മാരായ ശില്പികളും, തെസ്സാലീയിലെ അടിമകളും, ഏതൻസിലെ തത്വജ്ഞന്മാരും, കോറന്തിലെ കച്ചവടക്കാരും, അലെക്സാന്ത്രിയയിലെ പണ്ഡിതന്മാരും, റോമയിലെ രാജ്യതന്ത്രജ്ഞന്മാരും, കാത്തേജിലെ സാഹസികന്മാരും, ബ്രിട്ടനിലെ അമയ്യാദന്മാരായ ജനങ്ങളും— ഇവരെല്ലാവക്കും തങ്ങളുടെ കാലത്തുണ്ടായിരുന്ന മുഖ്യമായ പ്രശ്നത്തിനു മതിയായ ഒരു സമാധാനം ഇതാ ഉണ്ടായിരിക്കുന്നു എന്നും അതു മനുഷ്യരുടെ ഇടയിൽ ഓരോരുത്തനും അവൻെറ ശരിയായ സ്ഥാനമുറപ്പിക്കയും ജീവിതത്തിനുതന്നെ പുതിയ ഒരത്ഥം കൊടുക്കയും ചെയ്യുന്നു എന്നും ഒരുപോലെ തോന്നുകയുണ്ടായി. ഉടനെ ഈ ഒഴുക്കിനു ശക്തി വദ്ധിച്ച്, അതു ഒരു ജലപ്രവാഹമായിത്തീന്നു. ജുഗുപ്സകൊണ്ടു് അതിനെ അമത്തുവാൻ കഴിഞ്ഞില്ല രക്തപാതത്തിനു അതിനെ ഉണക്കുവാൻ സാധിച്ചില്ല. പിന്നെയോ, ദുന്നിവാരമാംവണ്ണം അതു്

പശ്ചിമലോകത്തിൻെറ സകല ഭാഗങ്ങളിലേക്കും ഒഴുകുകയും

ആ ഒഴുക്കിനിടയിൽ അതിൻെറ വൈപുല്യം കൂടിക്കൂടി വരി




പുരാതനകൊടുങ്ങല്ലൂർ— ബൽജിയത്തിൽ ബ്രൂഗസ്സിലെ കർമ്മലീത്താ ആശ്രമത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഒരു പൂർവ്വികറിക്കാർട്ടിൽനിന്നു

യും ചെയ്തു. ഇതിൻെറ ഫലമെന്തായിരുന്നു? പശ്ചിമരാജ്യത്തിൻെറ നായികയായിരുന്ന റോമാസാമ്രാജ്യം ക്രമേണ ക്ഷയിച്ച് ദുഷ്ടതയിലും ദൌരാത്മ്യത്തിലും മഗ്നമായിപ്പോയി. ലോകാവസാനം വന്നിരിക്കുന്നു എന്നും, സീമാതീതമായ നൈരാശ്യമല്ലാതെ മറെറാന്നും ശേഷിച്ചിട്ടില്ലെന്നും, മേലിൽ തിന്നുകുടിച്ചുല്ലസിക്കുന്നതാണ് തങ്ങൾക്കു ഏററം നല്ലതെന്നും, നാളെ തങ്ങൾ മരിച്ചുപോകുമെന്നും മനുഷ്യർ പറകയും എഴുതുകയും ചെയ്തു. ഈ കലക്കത്തിൻെറയും നാശത്തിൻെറയും ഇടയിൽ ക്രിസ്തുവിൽ വിശ്വസിച്ചിരുന്നവർ ജീവിക്കയും വേല ചെയ്കയും ചെയ്തു. അവർ അവരുടെ നേതാവായ അദ്ദേഹത്തോടുകൂടെ നിന്നു. അവസാനമായി സകലവും നശിച്ചു എന്നു കണ്ടപ്പോൾ അവർ ഭൂമിക്കു കീഴുള്ള തങ്ങളുടെ അറകളിൽനിന്നും പതുക്കെ പുറത്തു വന്നു. അപ്പോൾ അതാ അദ്ദേഹത്തിന്മേലും അദ്ദേഹത്തിൻെറ ഉപദേശത്തിന്മേലും,

ഒരു പുതിയ പരിഷ്കാരത്തിൻെറ

അടിസ്ഥാനം മുമ്പുതന്നെ ഇടപ്പെട്ടിട്ടുള്ളതായി കണ്ടു. അനന്തരം മ്ലേച്ഛന്മാരുടെ (Barbarian) മഹൌഘങ്ങൾ യൂറോപ്പിൽ മരണത്തേയും നാശത്തേയും വ്യാപിപ്പിച്ചു. അതിനെ മിക്കവാറും ആരും സൂക്ഷിക്കാതിരിക്കെ, അവർ ക്രമേണ പരാജിതന്മാരാകയും, സമാധാനത്തോടെ പലയിടങ്ങളിലുമായി വസിക്കയും ചെയ്തു. അവരെ ജയിച്ചതു് വാൾ അല്ല. അവരുടെ ഇടയിൽ വ്യാപിച്ചതു് ക്രിസ്തുവിൻെറ ഉപദേശവും, അവരുടെ ദുർമ്മോഹത്തെ അകററുവാൻ അവരെ നിർബ്ബന്ധിക്കയും, നീതിയുടേയും ശൌര്യത്തിൻേറയും പാണ്ഡിത്യത്തിൻേറയും പുതിയ ആദർശങ്ങൾ അവക്കു കൊടുക്കയും ചെയ്തതു് ക്രിസ്തുവിൻെറ അധികാരവുമായിരുന്നു. പല ശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ ആ മ്ലേച്ഛന്മാർ നാനാജാതികളായി തിരിയുകയും ഈ ജാതികൾ വളൎന്നു ബലപ്പെട്ട് ഓരോ സ്വഭാവവിശേഷത്തോടുകൂടെ സ്ഥിതിചെയ്കയും ചെയ്തു. അവരുടെ വളർച്ചയിൽ അവർ പോഷിപ്പിക്കപ്പെടുകയും, ന്യായം, ക്രമം എന്നവയിൽ അവക്കു പരിശീലനം സിദ്ധിക്കയും, യേശുക്രിസ്തുവിൻെറ സദാ ജീവിച്ചുകൊണ്ടിരുന്ന ശക്തിയുടെ പ്രവൃത്തിയാൽ അവർ വളൎന്നുവന്നപ്പോൾ തമ്മിൽ തമ്മിലുള്ള അവകാശങ്ങളെ ബഹുമാനിക്കത്തക്കവണ്ണം സ്വയ

മേവ നിരുദ്ധന്മാരായിത്തീരുകയും ചെയ്യു. ഇവയെല്ലാം സയുക്തികമായ തക്കത്തെ കവിഞ്ഞ സംഗതികളാകുന്നു. മിതമാനസന്മാരായ പണ്ഡിതന്മാർ യൂറോപ്പുചരിത്രം അധികമധികമായി പഠിച്ചുവരുംതോറും, അവർ ഏതു വഗ്ഗക്കാരോ വിശ്വാസക്കാരോ ആയിരുന്നാലും, അത്ര പരിഷ്കൃതമായ സാധനത്തിൽ നിന്ന് യൂറോപ്പുജാതികളെ ഉണ്ടാക്കുകയെന്നത് ശക്യമാകുവാനും യഥാത്ഥമായി അതു സാധിപ്പാനും കഴിഞ്ഞതു് മനുഷ്യവംശത്തിന്മേലുള്ള ക്രിസ്തുവിൻെറ ശക്തിയാൽ മാത്രമാണെന്നു നന്ദിപൂർവ്വം സമ്മതിക്കയും ചെയ്യുന്നു. പ്രധാനന്മാരായ ആരും അതെളിവിനെ നിഷേധിക്കുന്നില്ല. ആധുനിക രാജ്യതന്ത്രത്തിൻെറ അന്ധകാരവും, സംകീണ്ണതയും, ഇക്കാലത്തെ ഭാഷകളുടെ കുഴപ്പവും, നിമിത്തമാണ് അതിനെ ജനങ്ങൾ വിസ്മരിക്കയും അവഗണിക്കയും ചെയ്യുന്നതു്. എങ്കിലും ഇന്നു മനുഷ്യർ അവരുടെ കണ്ണുകളെ ഉയത്തി നോക്കുകമാത്രം ചെയ്യുന്നപക്ഷം, അവരുടെ ഇടയിലും അവക്കു ചുററും മനുഷ്യരെ ഉയത്തുകയും, പൂവ്വജാതികൾക്കു പുതിയ ജീവിൻ കൊടുക്കയും, ബാലന്മാക്കു അടിസ്ഥാനങ്ങളിടുകയും, യേശുക്രിസ്തുവിൻെറ നാമത്തിൽ "സകലത്തെയും നവീകരിക്കയും" ചെയ്യുന്ന പ്രവൃത്തിയിൽ അതേ ശക്തിതന്നെ ഉദ്യോഗിച്ചിരിക്കുന്നതായി കാണാം. യൂറോപ്പിൻെറ സുന്ദരമായ മുഖത്ത് ഹാ! സവ്രണങ്ങളായ സ്ഥലങ്ങളും അന്തർഗ്ഗതമായ രോഗത്തിൻെറ ലക്ഷണങ്ങളും ഉണ്ടായിരിക്കുന്നു. എങ്കിലും ഇവയെക്കുറിച്ച് നിങ്ങൾ അന്വേഷിച്ചറിയുവിൻ, അപ്പോൾ അതേ സ്ഥലങ്ങളിൽ തന്നെയാണ് ക്രിസ്തുവിൻെറ ശക്തി ക്ഷയിച്ചിരിക്കുന്നതെന്നു നിങ്ങൾക്കു കാണാം. അദ്ദേഹത്തിൻെറ നാമധേയം വിസ്മരിക്കപ്പെട്ടിരിക്കുന്നു. അമേരിക്കാ ഒരു പുതിയ ലോകമാകുന്നുവല്ലോ. ഒരു ശതാബ്ദത്തിൽ അല്പമാത്രംകൂടിയ കാലത്തിനിടയിൽ ജാതികളുടെ ഇടയിൽ അതു് ഒരു മുഖ്യസ്ഥാനത്തേക്കു ചാടിവീണിരിക്കുന്നു. ഇകഴിഞ്ഞ ഏതാനും സംവത്സരങ്ങൾക്കിടയിൽ അതിൻെറ ദക്ഷിണഭാഗത്തുള്ള പ്രജാധിപത്യം ഭാവികാലത്തു വലിയ കാൎയ്യങ്ങൾ ചെയ്യാൻ ശക്തമായിത്തീരുമെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു. ഈ വളർച്ചയെ സൂക്ഷിച്ചറിയുവിൻ, എന്നാൽ ആ രാജ്യത്തിൻെറ ഉത്തരഭാഗത്തു ഈ ശതാബ്ദത്തിനിടയിൽ ക്രിസ്തുവിൻെറ സഭ പത്തു ലക്ഷത്തിൽനിന്ന്

ഇരുനൂററിഅമ്പതു ലക്ഷത്തോളമായി വൎദ്ധിച്ചിരിക്കുന്നുവെന്നു നിങ്ങൾക്കു കാണാം. ദക്ഷിണഭാഗത്താകട്ടെ, ജാതികൾ അവരുടെ പ്രഭുവായ ക്രിസ്തുവിന്റെ നാമത്തിൽ തങ്ങളുടെ ഇടയിൽ വീണ്ടും സമാധാനത്തെ അന്വേഷിച്ച ദിവസം മുതൽക്കു അഭ്യുദയത്തിന്റെ ഉഷസ്സാരംഭിക്കയുണ്ടായി. "എന്നു മാത്രമല്ല അമേരിക്കയിലെന്നപോലെ ആസ്ത്ര്യായിലും

ക്രിസ്തുവിന്റെ നാമം

എന്നു വച്ചാൽ ആൎക്കായാലും അതിന്റെ അൎത്ഥമെന്താകുന്നു? ഞാനിവിടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരോടും വിശ്വസിക്കാത്തവരോടും ഒരുപോലെയാണ് ഈ ചോദ്യം ചോദിക്കുന്നതു്. ക്രിസ്തുനാമത്തിന്റെ അൎത്ഥം പക്ഷെ യന്ത്രസാമഗ്രികളെന്നോ തീവണ്ടിവഴികളെന്നോ ഐശ്വൎയ്യമെന്നോ ആയിരിക്കയില്ല. ഇവ അഭ്യുദയത്തിന്റെയും സമാധാനത്തിന്റെയും കരണങ്ങൾ മാത്രമാകുന്നു. ഇവ ഒരു അനുഗ്രഹമെന്നപോലെ തന്നെ ഒരു വലിയ ആപത്തുമായി തീൎന്നേക്കാം. ശക്തിയെന്നുമായിരിക്കയില്ല അതിന്റെ അൎത്ഥം. സ്പഷ്ടത കുറഞ്ഞ വിധത്തിൽ അങ്ങനെ ഒരൎത്ഥം അതിനില്ലെന്നില്ല. പക്ഷെ അതായാൽ അതിന്റെ ആഡംബരവും പ്രതാപവും വെട്ടിനീക്കിക്കളയണം. എങ്കിലും മനുഷ്യജാതിയുടെ സത്യമായ നന്മയ്ക്കുവേണ്ടി ഇവയെല്ലാററിലും അധികം അൎത്ഥവത്തായ ഒരൎത്ഥം അതിനുണ്ടു്. സംസ്കാരം സിദ്ധിച്ചിട്ടില്ലാത്തവരുടെ ശിക്ഷണം അഥവാ അഭ്യാസം എന്നു് അതിനൎത്ഥമുണ്ടു്. യേശുക്രിസ്തു വെളിമ്പ്രദേശത്തുകൂടെ കടന്നുപോകുന്നേടത്തെല്ലാം അസംസ്കൃതവൎഗ്ഗങ്ങൾ ആജ്ഞാനുസരണം ശീലിക്കയും സമാധാനത്തോടുകൂടിയ ഒരു ജീവിതം ജീവിക്കയും ചെയ്തിട്ടുണ്ടു്. വനത്തിലെ ഏററവും താണവരായ ജനങ്ങളിൽ താല്പൎയ്യമെന്നുള്ള ഒരൎത്ഥം അതിനുണ്ടു്. പറയനായാലും, സ്പൎശിക്കപ്പെട്ടുവാൻ പാടില്ലാത്തവനായാലും, അവൻ അദ്ദേഹത്തിന്റെ രക്ഷ എത്താത്തവനായി വിചാരിക്കപ്പെട്ടുന്നില്ല. ദരിദ്രന്മാരുടെ രക്ഷണം എന്നും അതിനു അൎത്ഥമുണ്ടു്. യേശുക്രിസ്തുവിന്റെ അധികാരം നടത്തപ്പെട്ടുന്നേടത്തെല്ലാം അനാഥന്മാർ രക്ഷിക്കപ്പെട്ടുകയും, വൃദ്ധന്മാൎക്കു ഭവനം കൊടുക്കപ്പെട്ടുകയും, രോഗികളും ദുഃഖിതന്മാരും പരിപാലിക്കപ്പെട്ടുകയും ചെയ്യുന്നു. വിദ്യാഭ്യാസപ്രചാരം എന്നും അതിനു പ്രാപിക്കാവുന്ന

എല്ലാവൎക്കുംവേണ്ടി പാഠശാലകളുടെയും വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളുടെയും വൎദ്ധനം എന്നും അതിനൎത്ഥമുണ്ട്. സൎവ്വപ്രധാനമായും ഇവയൊക്കെക്കും മുമ്പായും മനുഷ്യനെത്തന്നെ പരിപൂൎണ്ണനാക്കുകയെന്നും അതിനൎത്ഥമുണ്ട്. പരിപൂൎണ്ണനാക്കപ്പെട്ട ഓരോരുത്തൻമൂലം, മനുഷ്യർ ഒരു പരിപൂൎണ്ണവൎഗ്ഗമാകുത്തക്കവണ്ണം സകല മനുഷ്യരുടേയും ആദൎശമായ പുരുഷനോടു ആനുരൂപ്യം ഉണ്ടായിരിക്കണമെന്നാകുന്നു ഇതിന്റെ ഉദ്ദേശ്യം. "ഒരു പരിപൂൎണ്ണവൎഗ്ഗമാകത്തക്കവണ്ണം" എന്ന വാക്യത്തെ ഞാൻ ആവൎത്തിച്ചു പറയട്ടെ. ക്രിസ്തുവിന്റെ സഭ ജാതികളുടെ ശത്രുവാണെന്നും ഒരാക്ഷേപമുണ്ടു. അതു് രാജ്യഭരണങ്ങളിലും അധികാരങ്ങളിലും പ്രവേശിക്കുന്നു എന്നും, രാജഭക്തിക്കും സ്വാതന്ത്ര്യത്തിനും സ്വന്തമായ അഭിലാഷങ്ങൾക്കു വിരോധമായിപ്പോകുന്നുവെന്നും ഒരാക്ഷേപമുണ്ട്. ഇതിനുത്തരമായി ഞാൻ ഒന്നാമതു തന്നെ ഈ ആക്ഷേപം ഒരു അസത്യമാണെന്നു തീൎത്തുപറയട്ടെ. നാം നാലുസംവത്സരങ്ങൾ ഭയങ്കരദുഃഖങ്ങളിൽക്കൂടി കടന്നുപോയിരിക്കുന്നു. നമ്മുടെ ജനങ്ങൾ മറ്റുള്ളവരേപ്പോലെ അവരുടെ രക്തം ചൊരിയുകയുണ്ടായി. സൈന്യങ്ങളോടനുബന്ധിക്കപ്പെട്ട നമ്മുടെ വൈദികന്മാർ യുദ്ധക്കളത്തിൽ ഒരു ബഹുമാനപാത്രമായിരുന്നു എന്നു ഞാൻ ശേഷമുള്ളവരേക്കാൾ ധൈൎയ്യമവലംബിച്ചു പറയട്ടെ. യുദ്ധത്തിൽ ജയം പ്രാപിച്ചപ്പോൾ ആ ജയത്തിന്റെ പ്രതാപം തങ്ങളുടെ രാജ്യത്തിന്റെയും തങ്ങളുടെ ക്രൈസ്തവമതത്തിന്റെയും നേരെ ഭക്തിയുള്ളവരായിരുന്നവൎക്കു സിദ്ധിച്ചു. സമരം നടന്നുകൊണ്ടിരിക്കയിൽ നാം രാജഭക്തിയില്ലാത്തവരെന്നോ, സ്വാതന്ത്ര്യത്തിനു ഒരു പ്രതിബന്ധമാണെന്നോ സൂചിപ്പിക്കുന്ന ശബ്ദമേ ഉണ്ടായിട്ടില്ല. പക്ഷേ ഈ സംഗതിയെ ഞാൻ നീക്കിവെച്ചു രണ്ടാമതായി എല്ലാവരോടും ചോദിക്കുന്നതു്, ഈ വിധമുള്ള ആക്ഷേപങ്ങളെ കൊണ്ടുവരുന്നവർ വാസ്തവസംഭവങ്ങൾകൊണ്ട് അവരുടെ സങ്കല്പത്തെ തെളിയിക്കട്ടെ എന്നാകുന്നു. എന്നാൽ ഈ സംഗതിയിൽ,

വാസ്തവ സംഭവങ്ങൾ എന്തെല്ലാമാകുന്നു?

നിങ്ങൾ തന്നെ ലോകത്തിലെല്ലായിടത്തും നോക്കുക. ഈ ഇന്ത്യയിൽ തന്നെ നോക്കിയാലും! അപ്പോൾ അവ വളരെ തെളിവായി രേഖപ്പെട്ടിട്ടുള്ള പ്രകാരം കാണാം. ക്രിസ്തുവിന്റെ ന

സഭ ദേശിയമല്ലെന്നും അതിൻെറ സ്വഭാവത്താൽ തന്നെ അപ്രകാരമാകുവാൻ പാടില്ലെന്നും ഞാൻ സമ്മതിക്കുന്നു. അതു ഇംഗ്ലീഷൊ, ജമ്മനൊ, ഇത്താലിയനൊ അല്ല. അതു ആസ്യയെ സംബന്ധിക്കുന്നതിനേക്കാൾ അധികം യൂറോപ്പിനേയൊ അമെരിക്കയെയൊ സംബന്ധിച്ചതല്ല. അതു എല്ലാവരുടേയും, ഒരുപോലെയുള്ള, സർവ്വസാധാരണമായ, സഭയാകുന്നു. ഞാൻ ഇപ്പോൾ ആരോടു ഭാഷണം ചെയ്യുന്നുവൊ, ആ സദസ്സിനേക്കാൾ അധികമായി മറെറാന്നുകൊണ്ടും ഈ സത്യം തെളിയിക്കുവാൻ കഴികയില്ലെന്നുള്ളതു സംശയമില്ലാത്ത ഒരു കാൎയ്യമാകുന്നു. ഇവിടെ കൂടിയിരിക്കുന്ന നാം ഇംഗ്ലീഷ്കാരും, ഫ്രാൻസക്കാരും, ഇത്താലിയക്കാരും, പോൎത്തുഗീസ്സുകാരും, മററനേകരും ആകുന്നു. നമ്മുടെയിടയിൽ ഇന്ത്യാക്കാരും, ബൎമ്മാക്കാരും ഉയൎന്ന ജാതികളും താണജാതികളും, ഉണ്ടു്. നാം സകല വൎഗ്ഗങ്ങളുടേയും പ്രതിനിധികളാകുന്നു. ഇങ്ങനെയൊക്കെയായാലും, നമ്മുടെ സഭയിൽ ഇത്രവളരെ ജാതികൾ അടങ്ങിയിരിക്കുന്നതുകൊണ്ടു് നാം തന്നെ ഒരു ജാതിയിലും പെട്ടിട്ടില്ലാത്തവരാണെന്നു പറവാൻ ആർ തുനിയും? വാസ്തവമെന്തെന്നാൽ, നമ്മുടെ രാജ്യത്തിൻെറ നേരെയുള്ള ഈ സ്നേഹം തന്നെയാണു നമ്മെ ഇവിടെ ഒന്നായി കൊണ്ടുവന്നിരിക്കുന്നതു്. നമ്മുടെ സഭയുടെ നേരെ നമുക്കുള്ള ഈ സ്നേഹം തന്നെയാണു നമ്മുടെ രാജ്യത്തെ നാം സ്നേഹിക്കുവാൻ അധികമധികമായി കാരണമാകുന്നതു്. ഇതു മാത്രമല്ല, നാം ഭൂതകാലത്തേക്കു നോക്കുന്നതായാൽ, ക്രൈസ്തവ സഭയുടെ വക്ഷസ്സിലല്ലാതെ നാനാജാതികൾ അതതിൻെറ വിശേഷ മനോഭാവത്തോടുകൂടെ വളൎത്തപ്പെട്ടുവന്നിരിക്കുന്നതു എവിടെയാണു? ഇവിടെ ഞാൻ കേവലം അപ്രസ്തുതമായ ഒരു കാൎയ്യം പറഞ്ഞുകൊള്ളട്ടെ. നാം

യൂറോപ്പിനെ ഇന്ത്യയോടു താരതമ്യപ്പെടുത്തുമ്പോൾ

ഒരു സംഗതി നമുക്കെല്ലാവൎക്കും അത്ഭുതകരമായി തോന്നേണ്ടിയിരിക്കുന്നു. യൂറോപ്പിൽ ഇക്കഴിഞ്ഞ ഏതാനും നൂററാണ്ടുകൾക്കിടയിൽ നാനാജാതികൾ പരസ്പരവ്യത്യാസങ്ങളോടുകൂടിയാണു വളൎന്നുവന്നിരിക്കുന്നതു്. ഓരോന്നിനു സ്വീയമായ നിയമസംഹതിയും, അവകാശങ്ങളും, സ്വാതന്ത്ര്യതകളും ഉണ്ടു്. ഇന്ത്യയിലാകട്ടെ നമുക്കു ഒരുവിശാലമായ ഭൂഖണ്ഡമാണുള്ളതു്. വ്യക്തിയോ

ഴക്കുടെ വളരുവാൻ അതിനിടവന്നിട്ടില്ല. അതിലെ നാനാജാതികൾ ഒരു അസാദ്ധ്യസംകീൎണ്ണകമായി കുഴഞ്ഞുപോയിരിക്കുന്നു. ഇതിൻെറ ഫലമായി അതു വഴിക്കുവഴി വന്ന അക്രാമകന്മാൎക്കിരയായി ത്തീൎന്നിരിക്കുന്നു. ഇതിൻെറ കാരണമെന്തു? ജാതികളെ ബഹുമാനിക്കയും ജാതികൾ തമ്മിൽ ബഹുമാനിക്കണമെന്നു പഠിപ്പിക്കയും ചെയ്യു ഒരു സഭയാണു യൂറോപ്പിൻെറ നേതൃത്വം വഹിച്ചതു്. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യക്കു അങ്ങനെ വല്ല രക്ഷിതാവും ഉണ്ടായിരിക്ക മാത്രം ചെയ്തിരുന്നെങ്കിൽ അതു ഇന്നു ലോകത്തിൽ ജാതികളുടെ എത്ര സംയുക്തമായ ഒരു ശക്തിയാകുമായിരുന്നു! ഇക്കാലത്തുപോലും ഓരോ പുതിയ ജാതികൾ വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കെ, തങ്ങളുടെ അവകാശത്തിൻെറ രക്ഷക്കായി ഒരുവിധം സഹജജ്ഞാനത്താലെന്നപോലെ, അവർ എവിടെക്കാണു നോക്കുന്നതു? ന്യായംകൂടാതെയല്ല; അവരെല്ലാവരും ക്രിസ്തുവിൽ വിശ്വാസമുള്ള സകലരുടെയും പിതാവായ റോമയിലെ

പരിശുദ്ധ പിതാവിൻെറ അടുക്കലേക്കു രാജദൂതന്മാരെ

അയക്കയും അദ്ദേഹത്തിൽ നിന്നു പ്രണിധികളെ ലഭിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രൈസ്തവ മതത്തിൻെറ പരമനായകനു ചുററും നിൽക്കുവാൻ ഇത്രയധികം ജാതികളുടെ പ്രതിനിധികളെ അയക്കുവാൻ ആവശ്യപ്പെട്ട ഒരു കാലം ഇപ്പോഴത്തെ പ്പോലെ ഇതിനുമുമ്പു ലോകചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. ജാപ്പാൻ വൃഥാവിലല്ല അതിൻെറ രാജദൂതനേയും, ചൈനാ അതിൻെറ രാജപ്രതിനിധിയേയും അയച്ചതു്. കോൺസ്റ്റാന്തിനോപ്പിളിൽ തുൎക്കികൾ പരിശുദ്ധ പിതാവിനു ഒരു സ്മാരകം പണിചെയ്യതു വൃഥാവിലല്ല. യൂറോപ്പിൽനിന്നു കിലാഫത്തു കമ്മിററി ഈയിടെ തിരിച്ചുവന്നപ്പോൾ, പശ്ചിമരാജ്യത്തെ അധികൃതന്മാരിൽവച്ചു റോമയിലെ പാപ്പ മാത്രമേ തങ്ങളെ ഗ്രഹിച്ചിട്ടുള്ളു എന്നു അവർ ഉച്ചരിച്ചതു് വ്യൎത്ഥമായ ഒരു വചനമല്ല. തിരുസഭ ജാതികളുടെ ശത്രുവാണെന്നു അധിക്ഷേപിക്കുന്നതു തീരെ അസത്യമാണെന്നു ഞാൻ പറയുമ്പോൾ, നാം എല്ലാവരുടെയും ഹൃദയങ്ങളിൽ പ്രത്യേകം എരിയുന്നുവെന്നു എനിക്കറിവുള്ള സ്വദേശാഭിമാനത്തിനു പുറമേ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചു തരപ്പെടാവുന്ന ഏതാനും വാസ്തവസംഭവങ്ങളാകുന്നു ഇപ്പോൾ പറയപ്പെ

ട്ടവ. ആകയാൽ ഈകാൎയ്യം ഞാൻ ഇപ്പോൾ നീക്കിവെക്കട്ടെ. അതിനു പകരം കത്തോലിക്കരായ നാം സ്വരാജ്യാഭിവൃദ്ധിക്കായി എന്തു ദാനമാണു ചെയ്വാൻ സന്നദ്ധരായിരിക്കുന്നതെന്നു എന്നാൽ കഴിയുന്നേടത്തോളം വ്യക്തമായി, മുൻ പറഞ്ഞ വചനങ്ങളെത്തന്നെ, ആവൎത്തിച്ചു ഞാൻ ചോദിക്കട്ടെ. ധനമെന്നതു് നമുക്കു സ്വല്പമേയുള്ളു. മിക്കവാറും ഒന്നുമില്ലെന്നു പറയാം ദൈവത്തിന്റെ പൂൎവ്വാധികമായ പ്രതാപത്തിനും മനുഷ്യരുടെ ഗുണത്തിനും ഉപകരിക്കുന്ന സംഗതിയിലൊഴികെ, അധികാരത്തിനുള്ളമാൎഗ്ഗങ്ങളെ നാം ആഗ്രഹിക്കുന്നില്ല. എങ്കിലും തങ്ങൾ ഉയൎന്നവരായാലും താണവരായാലും, ഇന്ത്യക്കാരെയും ഇംഗ്ലീഷ്കാരെയും, മനുഷ്യരെ സാമാന്യമായും സംസ്കരിപ്പാൻവേണ്ടി നമുക്കുള്ളതെല്ലാം ഓരോരുത്തനും എല്ലാവൎക്കും കൊടുപ്പാനുള്ള

സ്വാതന്ത്ര്യം

സിദ്ധിക്കുന്നതിനു നാം മനസ്സുള്ളവരാകുന്നു. നാം ഇതുവരെ ചെയ്തിട്ടുള്ളപോലെ മേലിലും നമ്മുടെ രാജ്യത്തിനു ദാനം ചെയ്യേണ്ടിയിരിക്കുന്നു. ധനത്തിന്റെ വൎദ്ധനത്തേയോ സൈന്യങ്ങളുടെ ശക്തിയേയോ ജീവിതസുഖങ്ങളുടെ ബാഹുല്യത്തേയോകാൾ ഈ നല്ല ജനങ്ങളെ സകല സാമ്രാജ്യങ്ങളുടെയും ഭാവിയായ സമാധാനത്തിനും അഭ്യുദയത്തിനുംവേണ്ടി വിശ്വസിക്കണമെന്നു നാം ആവശ്യപ്പെടുന്നു. ക്രിസ്തുവിൽ പ്രിയ പുത്രന്മാരേ, ഈ ഉദ്ദേശ്യമാകുന്നു നാമെല്ലാവരെയും ഈ മഹായോഗത്തിൽ ഒന്നിച്ചുകൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ അഭിപ്രായപ്പെടുന്നു. നാം കത്തോലിക്കരാകുന്നു. നാം ഇന്ത്യയിലെ കത്തോലിക്കരാകുന്നു, സാൎവ്വത്രികമായ സഭയുടെ അവയവങ്ങളുമാകുന്നു. ഈ സഭയിൽ ലോകമൊക്കെയിലുംകൂടി മൂവായിരത്തിലധികം ലക്ഷം ജനങ്ങളുണ്ടെങ്കിലും നാം സ്നേഹിക്കുന്ന ഒരു രാജ്യത്താകുന്നു അവർ വസിക്കുന്നതു്. അതിനു ഭാവികാലത്തിൽ

അനേക കാൎയ്യങ്ങൾ സാധിപ്പാൻകഴിയും.

അതിനായി നമ്മാൽ കഴിയുന്നേടത്തോളം സഹായിപ്പാൻ നാം ഒരുക്കമുള്ളവരാകുന്നു. നമ്മുടെ ഈ പ്രവൃത്തികൾ നമ്മുടെ യോഗങ്ങൾ പ്രയോജനകരങ്ങളായിരിക്കട്ടെ. നമ്മുടെ യത്നങ്ങളേയും, നാം വഴിയായി സഹോദരതേന നാം സ്വീകരിക്കുന്ന സകലരേയും, ദൈവം അനുഗ്രഹിക്കുമാറാകട്ടെ!